## പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 308 30/11/2015 ൽ മറുപടിക്ക്**

## ബാർ ലൈസൻസ് കോഴ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ഇ.പി.ജയരാജൻ<br>ശ്രീ.എം.ചന്ദ്രൻ<br>ഡോ.കെ.ടി.ജലീൽ<br>ശ്രീ.രാജു എബ്രഹാം | | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) | |
| (എ) | ബാർ ലൈസൻസ് കോഴയുമായി ബന്ധപ്പെട്ട ഏതെല്ലാം ഉന്നതർക്ക് പണം നല്കിയതായുള്ള പരാതിയിന്മേലാണ് അന്വേഷണം നടക്കുന്നത് ; വിശദമാക്കാമോ ; | (എ) | ബാർ കോഴയുമായി ബന്ധപ്പെട്ട് മുൻ ധനകാര്യ മന്ത്രി ശ്രീ.കെ.എം.മാണിയ്ക്കെതിരെ വിജിലൻസ് കേസന്വേഷണം നടക്കുന്നു. ബാർ ലൈസൻസ് കോഴയുമായി ബന്ധപ്പെട്ട് ശ്രീ.ബിജു രമേശ് ഫസ്റ്റ് ക്ലാസ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയിൽ നൽകിയ Cr.Pc 164 മൊഴിയിൽ ബഹുമാനപ്പെട്ട എക്സൈസ് വകുപ്പ് മന്ത്രി ശ്രീ.കെ.ബാബുവിനെ തിരെ ഉണ്ടായ പരാമർശത്തിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഒരു പ്രാഥമിക അന്വേഷണം നടത്തിയിരുന്നു. |
| (ബി) | ഏതെല്ലാം മന്ത്രിമാരെ ഇക്കാര്യത്തിൽ കണ്ടു എന്നാണ് ആരോപണം ഉന്നയിച്ചവർ മൊഴി നൽകിയിരിക്കുന്നത് ; | (ബി) | ശ്രീ.ബിജു രമേശ് നൽകിയ മൊഴിയിൽ ബഹുമാനപ്പെട്ട എക്സൈസ് വകുപ്പ് മന്ത്രി ശ്രീ.കെ.ബാബുവിനെ കണ്ടെന്ന് ആരോപണം ഉന്നയിച്ചിരിക്കുന്നു. |
| (സി) | വിജിലൻസ് അന്വേഷണ സംഘം ഏതെല്ലാം ഉന്നതരെ ചോദ്യം ചെയ്യുകയുണ്ടായി; ആർക്കെല്ലാം എതിരെ തെളിവുകൾ ശേഖരിക്കുകയുണ്ടായി; | (സി) | ബഹുമാനപ്പെട്ട എക്സൈസ് വകുപ്പ് മന്ത്രി ശ്രീ.കെ.ബാബുവിനേയും 36 വ്യക്തികളെയും വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ പ്രസ്തുത അന്വേഷണത്തിന്റെ ഭാഗമായി ചോദ്യം ചെയ്തിട്ടുണ്ട്. |
| (ഡി) | കൊച്ചിയിൽ നടന്ന ബാറുടമ സംഘടനയുടെ യോഗത്തിന്റെ ശബ്ദരേഖ വിജിലൻസ് പിടിച്ചെടുക്കുകയുണ്ടായോ; എത്ര കോടി രൂപ ആർക്കെല്ലാം നൽകി എന്നാണ് ശബ്ദരേഖയിൽ നിന്നും വിജിലൻസ് മനസിലാക്കിയിരിക്കുന്നത്; | (ഡി) | Cr.Pc 164 മൊഴി രേഖപ്പെടുത്തിയ സമയം ശ്രീ.ബിജു രമേശ് കോടതിയിൽ ഹാജരാക്കിയ ശബ്ദരേഖയുടെ പകർപ്പ് കേസന്വേഷണ ഉദ്യോഗസ്ഥൻ അപേക്ഷ നൽകി പരിശോധിച്ചു വരികയാണ്. |
| (ഇ) | എക്സൈസ് വകുപ്പ് മന്ത്രിയ്ക്കെതിരെ വിജിലൻസിനു ലഭിച്ച പരാതികളും മൊഴികളും വെളിപ്പെടുത്തലുകളും എന്തെല്ലാമായിരുന്നു; മജിസ്ട്രേറ്റ് മുമ്പാകെ മൊഴി നല്കപ്പെട്ടിട്ടുണ്ടോ; | (ഇ) | ശ്രീ.ബിജു രമേശ് ഉന്നയിച്ച ആരോപണങ്ങൾ ചൂണ്ടിക്കാണിച്ചു കൊണ്ടുള്ള പരാതി ലഭിച്ചിട്ടുണ്ട്. ശ്രീ.ബിജു രമേശ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയിൽ നൽകിയ Cr.Pc 164 മൊഴിയുടെ അടിസ്ഥാനത്തിലാണ് പ്രാഥമിക അന്വേഷണം നടത്തിയത് |
| (എഫ്) | ബാറുടമകളിൽ നിന്ന് പിരിച്ചെടുത്തതായി പറയപ്പെടുന്ന തുക എത്രയാണെന്ന് കണ്ടെത്തുകയു ണ്ടായോ; ഇതുമായി ബന്ധപ്പെട്ട് പുറത്തുവന്നതും അല്ലാത്തതുമായ രേഖകൾ എല്ലാം അന്വേഷണ ത്തിന്റെ ഭാഗമായി പിടിച്ചെടുത്തിട്ടുണ്ടോ; | (എഫ്) | ശ്രീ.കെ.എം.മാണിക്കെതിരെ ബാർകോഴയുമായി ബന്ധപ്പെട്ട കേസ് അന്വേഷണഘട്ടത്തിലായതു കൊണ്ട് വിവരങ്ങൾ വെളിപ്പെടുത്തുന്നത് അഭികാമ്യമല്ല |

| | | | |
|---|---|---|---|
| (ജി) | എക്സൈസ് മന്ത്രിയ്ക്കെതിരായ പരാതികളിൽ ഇതിനകം ആരെയെല്ലാം ചോദ്യം ചെയ്യുകയുണ്ടായി; ഏതെല്ലാം കേന്ദ്രങ്ങളിൽ റെയ്ഡ് നടത്തി; എന്തെല്ലാം തെളിവുകൾ കൈവശ പ്പെടുത്തുവാൻ ശ്രമിയ്ക്കുകയുണ്ടായി; അന്വേഷണ ത്തെ തുടർന്ന് ആരോപണ വിധേയരായവരിൽ ആരെല്ലാം തൽസ്ഥാന ങ്ങളിൽ നിന്ന് രാജിവെയ്ക്കുക യുണ്ടായി; ആരോപണ വിധേയരായവരിൽ ഇപ്പോഴും തൽസ്ഥാനങ്ങളിൽ തുടരുന്നവർ ആരൊക്കെ; വിജിലൻസിന്റെ ഏതെല്ലാം യൂണിറ്റുകളാണി പ്പോൾ അന്വേഷണം നടത്തുന്നത്; തിരുവനന്തപുരത്ത് പരാതികളുണ്ടായ ഒരേ കേസിൽ, രണ്ടുതരം സംഘങ്ങളെ കൊണ്ട് അന്വേഷിപ്പിക്കുന്നത് എന്തുകൊണ്ടാണ് ; ഇപ്പോഴത്തെ അന്വേഷണങ്ങളുടെ ചുമതല ആർക്കെല്ലാം, ആരുടെ നേതൃത്വത്തിലാണെന്ന് വെളിപ്പെടുത്താമോ? | (ജി) | ശ്രീ.ബിജു രമേശ് ബഹുമാനപ്പെട്ട കോടതി മുമ്പാകെ നൽകിയ മൊഴിയുടെ അടിസ്ഥാനത്തിൽ നടത്തിയ പ്രാഥമിക അന്വേഷണത്തിൽ മന്ത്രി ശ്രീ.കെ.ബാബുവിനേയും മറ്റ് 36 വ്യക്തികളേയും വിജിലൻസ് ആന്റ് അന്റി കറപ്ഷൻ ബ്യൂറോ ചോദ്യം ചെയ്തിരുന്നു. എന്നാൽ വിജിലൻസ് റെയ്ഡുകൾ നടത്തേണ്ട ആവശ്യകത ഉണ്ടായിട്ടില്ല. പ്രാഥമിക അന്വേഷണ ത്തിന്റെ ഭാഗമായി വേണ്ടപ്പെട്ട രേഖകൾ പരിശോധിക്കുകയും മെറ്റീരിയൽസ് ഇല്ലാത്തതിനാൽ പ്രാഥമിക അന്വേഷണം അവസാനിപ്പിക്കുകയും ചെയ്തു. പ്രസ്തുത അന്വേഷണത്തെ തുടർന്ന് മന്ത്രി ശ്രീ.കെ.ബാബു രാജി വെച്ചിട്ടില്ല. നിയമമനുസരിച്ച് ഈ രണ്ട് സംഭവങ്ങൾ Part of the same transaction ആകാത്തതുകൊണ്ട് വെവ്വേറെയായി അന്വേഷിച്ചു. ശ്രീ.കെ.എം.മാണിക്കെതിരെ നിലവിലുള്ള കേസ് ശ്രീ.സുകേശൻ, പോലീസ് സൂപ്രണ്ട്, വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ, സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ യൂണിറ്റ് -I ആണ് തുടരന്വേഷണം നടത്തി വരുന്നത്. |

സെക്ഷൻ ഓഫീസർ